22558
3/2/17

## കേരള സർക്കാർ

### സംഗ്രഹം

വനം വന്യജീവി വകുപ്പ് - വടക്കേക്കര ഹിന്ദുമത ധർമ്മ പരിപാലന സഭയുടെ കീഴിലുള്ള മൂത്തകുന്നം ശ്രീനാരായണമംഗലം ക്ഷേത്രത്തിലേയും, പതുവക്കൽ ഭഗവതി ക്ഷേത്രത്തിലേയും പൂജാകാര്യങ്ങൾക്കായി 50 കി.ഗ്രാം ചന്ദനം നിലവിലെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അനുവദിച്ച് ഉത്തരവാകുന്നു.

---

### വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ)നം. 24/2017/വനം. തീയതി, തിരുവനന്തപുരം, 21/01/2017.

---

പരാമർശം :- 1. 13.06.2007-ലെ സ.ഉ.(എം.എസ്)39/07/വനം. നമ്പർ ഉത്തരവ്.

2. വടക്കേക്കര ഹിന്ദുമത ധർമ്മ പരിപാലന സഭ സെക്രട്ടറിയുടെ 13/07/2016-ലെ 2387/2016-17 നമ്പർ അപേക്ഷ.

3. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്)-ന്റെ 26.07.2016, 24/11/2016 തീയതികളിലെ പ്രൊ(5)- 36656/16 നമ്പർ കത്ത്.

### ഉത്തരവ്

വടക്കേക്കര ഹിന്ദുമത ധർമ്മ പരിപാലന സഭയുടെ കീഴിലുള്ള മൂത്തകുന്നം ശ്രീനാരായണമംഗലം ക്ഷേത്രത്തിലേയും,പതുവക്കൽ ഭഗവതി ക്ഷേത്രത്തിലേയും പൂജാകാര്യങ്ങൾക്കായി 50 കി.ഗ്രാം ചന്ദനം സൗജന്യമായി അനുവദിക്കണമെന്ന് വടക്കേക്കര ഹിന്ദുമത ധർമ്മ പരിപാലന സഭ പരാമർശം (2) പ്രകാരം അപേക്ഷിച്ചിരുന്നു. എന്നാൽ ഏതു ക്ലാസിലുള്ള ചന്ദനമാണ് ആവശ്യമെന്ന് അറിയിച്ചിട്ടില്ലെങ്കിലും, സാധാരണയായി ക്ഷേത്രങ്ങൾക്ക് അനുവദിച്ചുവരുന്ന ഗാട്ട്ബാദല, ബഗ്രദാദ് എന്നീ ഇനത്തിൽപ്പെട്ട ചന്ദനം നിലവിൽ സ്റ്റോക്കുള്ളതായും, നിലവിലെ വ്യവസ്ഥ പ്രകാരം ചന്ദനം സൗജന്യമായി അനുവദിക്കാനോ,തുകയിൽ കുറവു വരുത്താനോ സാധിക്കില്ലെന്നും, ചന്ദനം തെരഞ്ഞെടുക്കുന്നതിന് തൊട്ട് മുൻപുള്ള ലേലത്തിൽ പ്രസ്തുത ക്ലാസ് ചന്ദനത്തിന് ലഭിച്ച വിലയുടെ 125% തുകയും അതിന്റെ 21% സെന്റേജ് ചാർജ്ജും , നിലവിലുള്ള നികുതികളും ഈടാക്കി പരാമർശം(1)-ലെ ഉത്തരവിന് വിധേയമായും, നിലവിലെ വ്യവസ്ഥകൾക്ക് വിധേയമായും ചന്ദനം അനുവദിക്കാവുന്നതാണെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്) പരാമർശം (3) പ്രകാരം ശുപാർശ ചെയ്തിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്)-ന്റെ പരാമർശം (3)-ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും പരാമർശം(1)-ലെ ഉത്തരവിലെ വ്യവസ്ഥകൾക്ക്

വിധേയമായും തൊട്ടു മുൻപു നടന്ന ചന്ദന ലേലത്തിൽ തെരഞ്ഞെടുക്കുന്ന വിഭാഗത്തിന് ലഭിച്ച ശരാശരി വിലയുടെ 125% വില കണക്കാക്കി അതിന്മേൽ 21% സെന്റേജ് ചാർജ്, നിലവിലുള്ള വനവികസന നികുതി, വിൽപ്പന നികുതി, മറ്റ് സർ ചാർജ്ജുകൾ, സെസ്സുകൾ, നിലവിലുള്ള വരുമാന നികുതി എന്നിവ ഈടാക്കിക്കൊണ്ടും 2012-ലെ വനഭേദഗതി നിയമപ്രകാരമുള്ള വ്യവസ്ഥകൾ അനുസരിച്ചും നിയമപ്രകാരമുള്ള ലൈസൻസ് കരസ്ഥമാക്കണമെന്ന നിർദ്ദേശത്തോടെയും മാത്രം വടക്കേക്കര ഹിന്ദുമത ധർമ്മപരിപാലനസഭയുടെ കീഴിലുള്ള മൂത്തകുന്നം ശ്രീനാരായണമംഗലം ക്ഷേത്രത്തിലേയും, പറവക്കൽ ഭഗവതി ക്ഷേത്രത്തിലേയും പൂജാകാര്യങ്ങൾക്കായി 50 കി.ഗ്രാം ചന്ദനം മറയൂർ ഡിപ്പോയിൽ നിന്നും അനുവദിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

ഗിരിജ കുമാരി.ജി

ഡെപ്യൂട്ടി സെക്രട്ടറി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്
(ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്), തിരുവനന്തപുരം.
സെക്രട്ടറി, വടക്കേക്കര ഹിന്ദുമത ധർമ്മ പരിപാലന സഭ, മൂത്തകുന്നം പി.ഒ,
നോർത്ത് പറവൂർ, പിൻ-683516.
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മറയൂർ.
അക്കൗണ്ടന്റ് ജനറൽ (എ &ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
വിവരപൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ.